പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4252 24.06.2019-ലെ മറുപടി

## ആനയാംകുന്ന് വാട്ടർ ടാങ്കിന്റെ ശോചനീയാവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോർജ്ജ് എം. തോമസ് | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിക്ക് കീഴിലുള്ള കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ ആനയാംകുന്ന് കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് അപകടാവസ്ഥയിലും ശോചനീയാവസ്ഥയിലും ആയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ ആനയാംകുന്ന് കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് ശോചനാവസ്ഥയിലാണ്, പക്ഷേ അപകടാ-വസ്ഥയിലല്ല. |
| (ബി) | അപകടാവസ്ഥ മാറ്റുന്നതിന് എന്തു നടപടികളാണ് അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കാരശ്ശേരി പഞ്ചായത്തിലെ ആനയാംകുന്ന് പ്രദേശത്ത് സ്ഥിതിചെയ്യുന്ന കാരശ്ശേരി ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ 1.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി ശോചനാവസ്ഥയിലാണെങ്കിലും അതിൽ നിന്നും നിലവിൽ ജലവിതരണം നടത്തി വരുന്നുണ്ട്. കാരശ്ശേരി പഞ്ചായത്ത് ഉൾപ്പെടുന്ന മുക്കം, കൊടുവള്ളി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഡി. ഇ. ആർ തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി നടപ്പിൽ വരികയാണെങ്കിൽ ഈ ജലസംഭരണിയുടെ ആവശ്യം വരുന്നില്ല. അങ്ങനെയെങ്കിൽ ടി ജലസംഭരണി പൊളിച്ചു മാറ്റാവുന്നതാണ്. |
| (സി) | ജീവന് ഭീഷണിയായി നിൽക്കുന്ന ഈ ടാങ്കിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ടാങ്ക് നിലവിൽ ജീവന് ഭീഷണിയായി നിലനിൽക്കുന്നില്ല. ജലവിതരണം നടത്തേണ്ടതിനാൽ ഉടൻ പൊളിച്ചു മാറ്റാതെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 25 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ